**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5811** **08-11-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള യൂണിഫോം തുണിയുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങൾക്ക് യൂണിഫോം തുണിയുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടില്ല. സ്കൂൾ യൂണിഫോം തുണിക്ക് ആവശ്യമായ നൂൽ, കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ലഭ്യമാക്കി പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും, ഈ നൂൽ ഉപയോഗിച്ച് പ്രാഥമിക കൈത്തറി സംഘങ്ങൾ യൂണിഫോം തുണി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് സംഘങ്ങളിലെ തൊഴിലാളികൾക്ക് വേതനവും സംഘങ്ങൾക്ക് നിശ്ചിത തുക മാർജിൻ മണിയായും സർക്കാർ അനുവദിക്കുന്നു. |
| (ബി) | കൈത്തറി തൊഴിലാളികൾക്ക് എത്ര മാസത്തെ കൂലി കുടിശ്ശികയായിട്ടുണ്ട്; കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്ത് കൂലി ഇനത്തിൽ 2021 ജൂൺ മാസം മുതലുള്ള കൂലി നൽകുവാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ